

# നോർത്ത് ചാലക്കുടി സെന്റ് ജോസഫ്സ് ഇടവക

പണ്ട് ഒരു പള്ളിക്കൂടമായിരുന്നു, ഇപ്പോൾ നോർത്ത് ചാലക്കുടി പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം. ഉണ്ണിയെ കൈകളിലേന്തിയ വി. യൗസേപ്പിന്റെയും, തിരുക്കുമാരനെ തൃക്കരങ്ങളിൽ വഹിച്ച മാതാവിന്റെയും തിരുസ്വരൂപങ്ങൾ ഈ പള്ളിക്കൂടത്തിൽ പഴമക്കാർ പ്രതിഷ്ഠിച്ച് വണങ്ങിയിരുന്നു.

1964-ൽ ചാലക്കുടി ഫൊറോനയുടെ കപ്പൂച്ചിൻ മിഷൻ ധ്യാനം നടന്നപ്പോൾ ഒരു സബ്സെന്ററായിരുന്നു ഈ സ്ഥലം. അതിനെത്തുടർന്നാണ് ഈ ഭാഗത്ത് ഒരു പള്ളി വേണമെന്ന ചിന്ത ശക്തിയാർജ്ജിച്ചത്. ചാലക്കുടി ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി തെക്കിനിയത്തായിരുന്നു ഈ സംരംഭത്തിലേക്ക് പ്രോത്സാഹനം നല്കിയത്. 1968 ഫെബ്രുവരി 25-ാം തിയ്യതി പ്രസ്തുത കപ്പേളയിൽ യോഗം ചേർന്ന് കപ്പേള പുതുക്കിപ്പണിയുവാൻ നിശ്ചയിച്ചു. സംഭാവനകൾ സ്വീകരിക്കുന്നതിന് 12 അംഗ കമ്മിറ്റിയെ രൂപപ്പെടുത്തി. എങ്കിലും പള്ളി പണിയാനുള്ള പരിശ്രമങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു.

1971 ജനുവരി 3-ാം തിയ്യതി യോഗംകൂടി പുതിയ പള്ളിക്കു രൂപകല്പന നല്കിയപ്പോൾ കയ്യിലെ മൂലധനം 1216 രൂപ 80 പൈസ മാത്രമായിരുന്നു. തദവസരത്തിൽ ഒരു പുതിയ പള്ളി വേണമെന്ന ആവശ്യം 1972 ഡിസംബർ 21-ാം തിയ്യതി ഒരു മെമ്മോറണ്ടത്തിലൂടെ അഭിവന്ദ്യ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം തിരുമേനിയെ അറിയിച്ചു. അനുവാദം ലഭിച്ചതനുസരിച്ച് കുരിശുപള്ളിയുടെ പണി ആരംഭിച്ചു. ചാലക്കുടി ഫൊറോനപള്ളിയിൽ ആഘോഷപൂർവ്വം നടത്തിയിരുന്ന അമ്പ് പ്രദക്ഷിണങ്ങളിൽ കിഴക്കേപോട്ട (നോർത്ത് ചാലക്കുടി) ക്കാരുടെ പ്രദക്ഷിണം ആരംഭിച്ചിരുന്നത് ഈ കപ്പേളയുടെ മുറ്റത്ത് നിന്നാണ്.

## പള്ളി, ഇടവക

ഈ കപ്പേളയിൽ മാസത്തിലൊരിക്കൽ ദിവ്യബലിയർപ്പിക്കാൻ 1974-ൽ തൃശ്ശൂർ മെത്രാൻ അനുമതി നല്കി. ഇക്കാലത്തെല്ലാം ദേവാലയത്തിന്റെ പണി ക്രമാനുഗതമായി നടന്നുകൊണ്ടിരുന്നു. അതിന്റെ ഭാഗമായി ഓട്ടുകമ്പനി പറമ്പിന്റെ കുറച്ചുഭാഗം പള്ളിക്കുവേണ്ടി ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.



ജൂബിലി ഹാൾ

അങ്ങനെ 1975 ആഗസ്റ്റ് 17-ാം തിയ്യതി തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം ഈ ദേവാലയത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. പള്ളിപ്പണിക്ക് നേതൃത്വം നല്കിയത് ഫൊറോന വികാരി വെരി. റവ. ഫാ. ഇരിമ്പൻ ആന്റണി ആണ്. പിന്നീട് സിമിത്തേരി നിർമ്മിക്കുകയുണ്ടായി. രൂപതയുടെ വിഭജനത്തിനു ശേഷം 28.10.81-ൽ റവ. ഫാ. സെബാസ്റ്റ്യൻ അരിക്കാട്ടിനെ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ ഈ കുരിശു പള്ളിയിൽ നിയമിച്ചു. പള്ളിയെ ഒരു ഇടവകയായി ഉയർത്തപ്പെട്ട സുദിനമാണ് 26.1.1982. ബഹു. അരിക്കാട്ട് അച്ചനായിരുന്നു പ്രഥമ വികാരി.

## നവീന ദേവാലയം

ഈ പ്രദേശത്തെ ക്രൈസ്തവ സമൂഹത്തിന്റെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുവാൻ നിലവിലുള്ള ദേവാലയത്തിൽ സ്ഥലം തികയാതെ വന്നതിനാൽ പുതിയ ദേവാലയത്തിന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 11.12.94-ൽ ശിലാസ്ഥാപനം നടത്തി. റവ. ഫാ. തോമസ് കൂട്ടാലയാണ് ഇതിന് ധീരമായ നേതൃത്വം നല്കിയത്. തുടർന്നു വന്ന റവ. ഫാ. ജോർജ്ജ് മംഗലൻ പള്ളിപ്പണിയുടെ ഗതിവേഗത്തിന് ആക്കം കൂട്ടി.



മതബോധന ഹാൾ

നോർത്ത് ചാലക്കുടി ഇടവക സമൂഹം സ്വപ്നം കണ്ട ദിനം വന്നെത്തി. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥ ശക്തിയാൽ പുതുക്കിപ്പണിത ദേവാലയത്തിന്റെ കൂദാശാകർമ്മം 1998 മെയ് 16 ശനിയാഴ്ച ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. മതബോധനമന്ദിരം, സ്റ്റേജ് എന്നിവ യഥാസമയം പണിതു. ജൂബിലി പാരിഷ് ഹാൾ നിർമ്മാണം 2009-ൽ പൂർത്തിയാക്കി വെഞ്ചിരിച്ചു.

## കപ്പേളകൾ

കട്ടിപ്പൊക്കത്ത് വി. അന്തോണീസിന്റെ നാമധേയത്തിലുള്ള കപ്പേള (1981), പള്ളിയുടെ മുൻഭാഗത്ത് സെന്റ് ജോസഫ്സ് കപ്പേള (1982).



വി. അന്തോണീസിന്റെ കപ്പേള
കട്ടിപ്പൊക്കം



വി.യൗസേപ്പിതാവിന്റെ കപ്പേള

## ഹോളി ഫാമിലി കോൺവെന്റ്

തിരുക്കുടുംബ സന്യാസിനീസമൂഹ സ്ഥാപകയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ കാരിസമായ (Charism) കുടുംബങ്ങളുടെ ക്രൈസ്തവവത്ക്കരണം ലക്ഷ്യമാക്കി 1986-ൽ ഇവിടെ സ്ഥാപിതമായതാണ് ഹോളി ഫാമിലി കോൺവെന്റ്.



ഹോളിഫാമിലി കോൺവെന്റ്



നിർമ്മല സദൻ മഠം

## നിർമ്മലസദൻ മഠം

പൂന ആസ്ഥാനമായി പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് ഓഫ് ഔർ ലേഡി ഓഫ് ഫാത്തിമ സന്യാസിനീ സമൂഹത്തിന്റെ ബാംഗ്ലൂർ പ്രോവിൻസിന്റെ കീഴിലുള്ള ഈ ഭവനം 1990-ലാണ് ഇവിടെ സ്ഥാപിതമായത്.

രൂപതയിലെ സെന്റ് ജെയിംസ് ആശുപത്രിയും, രൂപതയുടെ വൈദികമന്ദിരവും നോർത്ത് ചാലക്കുടി ഇടവകയുടെ പരിധിയിലാണ് സ്ഥിതിചെയ്യുന്നത്.